**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5261** **21-03-2025-ൽ മറുപടിയ്ക്ക്**

**<u>യു.ജി.സി. യുടെ കരട് ഭേദഗതി നിർദ്ദേശം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. എം. വിജിൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. എച്ച്. സലാം

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കുന്നതിനും അരാഷ്ട്രീയവൽക്കരിക്കുന്നതിനുമുള്ള ശ്രമങ്ങൾക്കിടയിലും സംസ്ഥാനത്തെ സർവകലാശാലകൾ ബദൽനിലപാടുമായി മുന്നേറുന്ന സവിശേഷമായ സാഹചര്യം രൂപപ്പെടുത്തുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u> പ്രൊഫ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും സർവ്വകലാശാല/കോളേജ് തലത്തിൽ അക്കാദമിക/ഭരണ പരീക്ഷാപരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുകയുണ്ടായി.**

**1. കരിക്കുലം പരിഷ്കരണം:-സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കി. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്ന ഒന്നും രണ്ടും വർഷങ്ങളിലെ സർട്ടിഫിക്കറ്റ്/ഡിപ്ലോമ പദ്ധതിയ്ക്ക് പകരം മൂന്നാം വർഷം ബിരുദവും നാലാം വർഷം ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദവും എന്ന രീതിയിൽ FYUGP കരിക്കുലം ചട്ടക്കൂട് പരിഷ്കരിക്കുകയുമുണ്ടായി. സംസ്ഥാനത്തെ 8 സർവ്വകലാശാലകളിലും 850 ഓളം കോളേജുകളിലും മേൽപ്പറഞ്ഞ പ്രത്യേകതകളോടുകൂടി 2024 ജൂലൈ മുതൽ നാലു വർഷ ബിരുദ പ്രോഗ്രാം നിലവിൽ വന്നു.**

**2. കെ-റീപ് പദ്ധതി:-സംസ്ഥാനത്ത് സർവ്വകലാശാല/കോളേജ് തലത്തിൽ വിദ്യാർത്ഥി പ്രവേശനം മുതൽ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെ സാധ്യമാകുന്ന രീതിയിലുള്ള ഒരു സമ്പൂർണ്ണ ഇ.ആർ.പി. സംവിധാനം സർവ്വകലാശാലകളിൽ നടപ്പിലാക്കി. കണ്ണൂർ സർവ്വകലാശാലയിലെ FYUGP ആദ്യ സെമസ്റ്റർ വിദ്യാർത്ഥികളുടെ പരീക്ഷാ, ഫലപ്രഖ്യാപനം എന്നിവ കെ-റീപ്പ് വഴി നടപ്പിലാക്കി. മറ്റു സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.**

**3.അക്കാദമിക, പരീക്ഷാ നടത്തിപ്പിന് ഒരു ഏകീകൃത കലണ്ടർ. ഇതിന്റെ ഫലമായി FYUGP ഒന്നാം വർഷ സെമസ്റ്റർ പരീക്ഷ സമയബന്ധിതമായി നടത്തുകയും എല്ലാ സർവ്വകലാശാലകളും ഫലപ്രഖ്യാപനം 10 മുതൽ 15 ദിവസത്തിനുള്ളിൽ നടത്തുകയുണ്ടായി.**

**4. യു.ജി.സി കരട് റെഗുലേഷൻ 2025 പരിശോധിച്ച് ബദൽ നിർദ്ദേശം സമർപ്പിക്കാൻ പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയുടെ നിരീക്ഷണങ്ങൾ യു.ജി.സി ക്ക് സമർപ്പിക്കുകയുണ്ടായി.**

**5. ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ:- യു.ജി.സി കരട് റെഗുലേഷൻ 2025 സംബന്ധിച്ച് ബദൽ നിർദ്ദേശങ്ങൾ സ്വരൂപീകരിക്കുന്നതിനുവേണ്ടി തെലുങ്കാന, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാന മന്ത്രിമാർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് 2025 ഫെബ്രുവരി 20 ന് ഒരു ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിച്ചു. കൺവെൻഷനിൽ ബദൽ നിർദ്ദേശങ്ങൾ ആവിഷ്കരിച്ചു.**

**6. യു.ജി.സി കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചട്ടം 118 പ്രകാരമുള്ള കേരള നിയമസഭാ പ്രമേയം സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക വിദഗ്ധരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് 2025 ലെ കരട് യു.ജി.സി മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി, അവരുടെ അഭിപ്രായങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ടുമാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് സംസ്ഥാന നിയമസഭയിൽ ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠേന ആവശ്യപ്പെട്ടു.**

**(ബി)** യു.ജി.സി.യുടെ കരട് ഭേദഗതി നിർദ്ദേശത്തിലെ അപകടങ്ങളെ അതിജീവിക്കുന്നതിനായും സംസ്ഥാനത്തെ സർവകലാശാലകളിൽ ജനാധിപത്യവും സർഗ്ഗാത്മകതയും ഉന്നതനിലവാരവും നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u> പ്രൊഫ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും സർവ്വകലാശാല/കോളേജ് തലത്തിൽ അക്കാദമിക/ഭരണ പരീക്ഷാപരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുകയുണ്ടായി.**

**1. കരിക്കുലം പരിഷ്കരണം:-സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കി. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്ന ഒന്നും രണ്ടും വർഷങ്ങളിലെ സർട്ടിഫിക്കറ്റ്/ഡിപ്ലോമ പദ്ധതിയ്ക്ക് പകരം മൂന്നാം വർഷം ബിരുദവും നാലാം വർഷം ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദവും എന്ന രീതിയിൽ FYUGP കരിക്കുലം ചട്ടക്കൂട് പരിഷ്കരിക്കുകയുമുണ്ടായി. സംസ്ഥാനത്തെ 8 സർവ്വകലാശാലകളിലും 850 ഓളം കോളേജുകളിലും മേൽപ്പറഞ്ഞ പ്രത്യേകതകളോടുകൂടി 2024 ജൂലൈ മുതൽ നാലു വർഷ ബിരുദ പ്രോഗ്രാം നിലവിൽ വന്നു.**

**2. കെ-റീപ് പദ്ധതി:-സംസ്ഥാനത്ത് സർവ്വകലാശാല/കോളേജ് തലത്തിൽ വിദ്യാർത്ഥി പ്രവേശനം മുതൽ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെ സാധ്യമാകുന്ന രീതിയിലുള്ള ഒരു സമ്പൂർണ്ണ ഇ.ആർ.പി. സംവിധാനം സർവ്വകലാശാലകളിൽ നടപ്പിലാക്കി. കണ്ണൂർ സർവ്വകലാശാലയിലെ FYUGP ആദ്യ സെമസ്റ്റർ വിദ്യാർത്ഥികളുടെ പരീക്ഷാ, ഫലപ്രഖ്യാപനം എന്നിവ കെ-റീപ്പ് വഴി നടപ്പിലാക്കി. മറ്റു സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.**

**3. അക്കാദമിക, പരീക്ഷാ നടത്തിപ്പിന് ഒരു ഏകീകൃത കലണ്ടർ. ഇതിന്റെ ഫലമായി FYUGP ഒന്നാം വർഷ സെമസ്റ്റർ പരീക്ഷ സമയബന്ധിതമായി നടത്തുകയും എല്ലാ സർവ്വകലാശാലകളും ഫലപ്രഖ്യാപനം 10 മുതൽ 15 ദിവസത്തിനുള്ളിൽ നടത്തുകയുണ്ടായി.**

**4. യു.ജി.സി കരട് റെഗുലേഷൻ 2025 പരിശോധിച്ച് ബദൽ നിർദ്ദേശം സമർപ്പിക്കാൻ പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയുടെ നിരീക്ഷണങ്ങൾ യു.ജി.സി ക്ക് സമർപ്പിക്കുകയുണ്ടായി.**

**5. ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ:- യു.ജി.സി കരട് റെഗുലേഷൻ 2025 സംബന്ധിച്ച് ബദൽ നിർദ്ദേശങ്ങൾ സ്വരൂപീക്കുന്നതിനുവേണ്ടി തെലുങ്കാന, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാന മന്ത്രിമാർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് 2025 ഫെബ്രുവരി 20 ന് ഒരു ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിച്ചു. കൺവെൻഷനിൽ ബദൽ നിർദ്ദേശങ്ങൾ ആവിഷ്കരിച്ചു.**

**6. യു.ജി.സി കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചട്ടം 118 പ്രകാരമുള്ള കേരള നിയമസഭാ പ്രമേയം സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക വിദഗ്ധരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് 2025 ലെ കരട് യു.ജി.സി മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി, അവരുടെ അഭിപ്രായങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ടുമാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് സംസ്ഥാന നിയമസഭയിൽ ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠേന ആവശ്യപ്പെട്ടു.**

**(സി)** ഈ സർക്കാരിന്റെ കാലയളവിൽ നീതി ആയോഗ് അടക്കമുള്ള ദേശീയ ഏജൻസികളിൽ നിന്നും സംസ്ഥാനത്തെ സർവകലാശാലകൾക്കും കോളേജുകൾക്കും ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ഡി)** പ്രസ്തുത കാലയളവിൽ പഠന-ഗവേഷണ-പഠനേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**